# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3773      20-07-2015 ൽ മറുപടിക്ക്

## ഹയർസെക്കന്ററി ഡയറക്ടറേറ്റിലെ ജീവനക്കാർ

| ചോദ്യം | | ഉത്തരം |
|---|---|---|
| | ശ്രീ.വി.ശിവൻകുട്ടി | ശ്രീ.പി.കെ.അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാന ഹയർസെക്കൻഡറി ഡയറക്ടറേറ്റിൽ നിലവിൽ എത്ര ജീവനക്കാരുണ്ട്; വിശദമാക്കുമോ; | 96 സ്ഥിരം ജീവനക്കാരുണ്ട്. മറ്റു ജീവനക്കാരുടെ വിവരം ശേഖരിച്ച് നൽകുന്നതാണ്. |
| (ബി) | വിവിധ യൂണിവേഴ്സിറ്റികളിൽ നിന്നും എത്ര പേർ ഡെപ്യൂട്ടേഷനിൽ ഹയർ സെക്കന്ററി ഡയറക്ടറേറ്റിൽ ജോലി ചെയ്യുന്നു; | നിലവിൽ യൂണിവേഴ്സിറ്റികളിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ആരും തന്നെ ഹയർ സെക്കന്ററി ഡയറക്ടറേറ്റിൽ ജോലി ചെയ്യുന്നില്ല. |
| (സി) | ഡെപ്യൂട്ടേഷനിൽ വിവിധ തസ്തികകളിൽ ജോലിചെയ്യുന്ന ജീവനക്കാരുടെ യഥാർത്ഥ ശമ്പളസ്കെയിലും അവർ ഇപ്പോൾ വാങ്ങിക്കൊണ്ടിരിക്കുന്ന സ്കെയിലും വ്യക്തമാക്കുമോ; | വിവരം ശേഖരിച്ച് നൽകുന്നതാണ് |
| (ഡി) | കഴിഞ്ഞ ശമ്പളക്കമ്മീഷൻ യൂണിവേഴ്സിറ്റി ജീവനക്കാരെ തിരികെ അവരുടെ മാതൃവകുപ്പിൽ അയക്കണമെന്ന് ശുപാർശ ചെയ്തിട്ടും നാളിതുവരെ അയക്കാത്തതെന്തു കൊണ്ട്; ഇപ്രകാരം ഡെപ്യൂട്ടേഷനിൽ തുടരുന്നവർമൂലം ഹയർ സെക്കന്ററി ഡയറക്ടറേറ്റിന് കഴിഞ്ഞ 5 വർഷം എത്ര കോടി രൂപ ശമ്പളയിനത്തിൽ അധികച്ചെലവ് വന്നിട്ടുണ്ട്; പ്രസ്തുത ജീവനക്കാരെ തിരികെ അയക്കുന്നതിനുള്ള നടപടി സ്വീകരിച്ച് ലോവർ ഡിവിഷൻ ക്ലർക്ക് ലിസ്റ്റിലുള്ളവരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | 14.05.2010 തീയതിയിലെ ജി.ഒ(എം.എസ്) 72/2010/ പൊ.വി.വ ഉത്തരവ് പ്രകാരം യൂണിവേഴ്സിറ്റികളിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പിൽ ജോലി ചെയ്തിരുന്ന ജീവനക്കാരെ വകുപ്പിൽ സ്ഥിരപ്പെടുത്തുന്നതിന് ഉത്തരവായെങ്കിലും അതിന്റെ നടപടിക്രമങ്ങൾ ചില കാരണങ്ങളാൽ പൂർത്തീകരിക്കാൻ കഴിഞ്ഞിരുന്നില്ല. ഇതിന്റെ തുടർച്ചയായാണ് 27.04.2015-ലെ ജി.ഒ(എം.എസ്)നം.96/15/പൊ.വി.വ ഉത്തരവ് പ്രകാരം വകുപ്പിൽ തുടരാൻ താല്പര്യമുള്ള യൂണിവേഴ്സിറ്റി ജീവനക്കാരെ അബ്സോർബ് ചെയ്യുന്നതിനും, അല്ലാത്തവരെ 31.05.2015 തീയതി |

പ്രാബല്യത്തിൽ വിടുതൽ ചെയ്യുന്നതിനും ഉത്തരവായിട്ടുള്ളത്. ഡെപ്യൂട്ടേഷനിൽ തുടർന്നിരുന്നവർമൂലം ഹയർസെക്കന്ററി ഡയറക്ടറേറ്റിന് കഴിഞ്ഞ 5 വർഷം ശമ്പളയിനത്തിലുണ്ടായ അധികച്ചെലവ് സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്. 27.04.2015-ലെ ജി.ഒ(എം.എസ്)നം.96/15/പൊ.വി.വ ഉത്തരവ് പ്രകാരം യൂണിവേഴ്സിറ്റികളിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഹയർസെക്കന്ററി ഡയറക്ടറേറ്റിൽ മിനിസ്റ്റീരിയൽ തസ്തികകളിൽ ജോലി നോക്കി വന്നിരുന്ന ജീവനക്കാരെ 31.05.2015 തീയതി പ്രാബല്യത്തിൽ ജീവനക്കാരുടെ ഓപ്ഷൻ സ്വീകരിച്ച് വകുപ്പിൽ റഗുലറൈസ് ചെയ്തിട്ടുള്ളതും, അല്ലാത്തവരെ പ്രസ്തുത തീയതി പ്രാബല്യത്തിൽ വകുപ്പിൽ നിന്നും വിടുതൽ ചെയ്തിട്ടുള്ളതുമാണ്. ആയതിന്റെ അടിസ്ഥാനത്തിലുള്ള തുടർ നടപടികൾ എത്രയുംവേഗം കൈക്കൊള്ളുന്നതാണ്.

സെക്ഷൻ ഓഫീസർ